പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6397 — 08/11/2016 ൽ മറുപടിക്ക്

## വിസിൽ ബ്ലോവർ സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.റോജി.എം.ജോൺ. | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി ) |
| (എ) അഴിമതികളെക്കുറിച്ച് ഓൺലൈനിൽ പരാതി നൽകുന്നതിനായി ഏർപ്പെടുത്തിയ വിസിൽ ബ്ലോവർ സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഒരു സർക്കാർവകുപ്പിലോ സ്വകാര്യ സ്ഥാപനത്തിലോ എന്തെങ്കിലും നിയമവിരുദ്ധമായ കാര്യങ്ങൾ സംഭവിക്കുന്നുവെന്ന് അധികാരികൾക്ക് വിവരം നൽകുന്ന ആളിനെയാണ് വിസിൽ ബ്ലോവർ എന്നു പറയുന്നത്. വിജിലൻസ് ഡയറക്ടറുടെ സർക്കുലർ 05/2016 പ്രകാരം വിസിൽ ബ്ലോവർ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. അഴിമതികളെക്കുറിച്ച് ഓൺലൈനിൽ പരാതി നൽകുന്നതിലേയ്ക്കായി **www.publicvigil.in** എന്ന വെബ്സൈറ്റ് നിലവിലുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ സംവിധാനം വഴി എത്ര പരാതികൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) യും | വിസിൽ ബ്ലോവർ സംവിധാനം വഴി ഓൺലൈൻ പരാതികൾ ലഭിച്ചിട്ടില്ല. |
| (സി) എത്ര പരാതികളിന്മേൽ അന്വേഷണം പൂർത്തിയായിയെന്നും എത്ര പരാതികളിൽ അഴിമതി കണ്ടെത്തിയെന്നും വ്യക്തമാക്കുമോ; | (സി) യും | |
| (ഡി) വ്യാജപരാതികൾ സ്ഥിരമായി നൽകുന്നവർക്കെതിരെ എന്തെങ്കിലും നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോയെന്നുള്ള വിശദാംശം നൽകുമോ? | (ഡി) | വ്യാജപരാതികൾ സ്ഥിരമായി നൽകുന്നവർക്കെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ